## മഹാശ്വേതാ ദേവിയുടെ

# ഒരു എന്തിനെന്തിനു പെൺകുട്ടി

### എന്ന ചിത്ര പുസ്തകത്തിൽനിന്ന്

"**ഇന്ത്യയിൽ** എല്ലായിടത്തും കുട്ടികളുണ്ട്. ഗിരിവർഗ്ഗക്കാരും അല്ലാത്തവരുമായ കുട്ടികൾ. അവരെപ്പോഴും 'എന്തുകൊണ്ട്?' എന്നാണ് ചോദിക്കുന്നത്. ഞാനിങ്ങനെയുള്ള നിരവധി കുട്ടികളെ കണ്ടിട്ടുണ്ട്. ഈ പുസ്തകത്തിനുവേണ്ടി മൊയിനയുടെ അനുഭവമാണ് ഞാൻ തിരഞ്ഞെടുത്തത്.

മൊയിന ശബർ സമുദായത്തിലുള്ള കുട്ടിയാണ്. ശബർ സമിതി 1968 ലാണ് ആരംഭിച്ചത്. ഇതിനകം നിരവധി സ്കൂളുകൾ ശബർ സമിതി തുടങ്ങിയിട്ടുണ്ട്. അവ മെച്ചപ്പെട്ടനിലയിൽ പ്രവർത്തിക്കുന്നു. അവിടെ നല്ല പുസ്തകങ്ങളുണ്ട്. കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നു.

ഗിരിവർഗ്ഗക്കാരായ കുട്ടികൾ മാനസികമായും പ്രകൃതിയോട് ഏറെ അടുപ്പമുള്ളവരാണ്. അതുകൊണ്ട് അവരോട് കാര്യങ്ങൾ ശാസ്ത്രീയമായി വിശദീകരിക്കാനും എളുപ്പമാണ്. അവർ യഥാർത്ഥ പ്രകൃതി സ്നേഹികളാണ്. മൊയിനയെക്കുറിച്ചെഴുതുമ്പോൾ, നിരവധി കുട്ടികളെക്കുറിച്ചാണ് ഞാൻ എഴുതിയത്. കുട്ടികളെ സ്നേഹിക്കുന്നതുകൊണ്ടാണ് ഞാൻ എഴുതുന്നത്."

മഹാശ്വേതാ ദേവി

(മഹാശ്വേതാ ദേവി ആദിവാസികളുമായി ചേർന്ന് പ്രവർത്തിച്ചിരുന്ന സംഘടനയുടെ പേരാണ് സമിതി)





മൊയിന ഒരു ശബർ ആണ്. ഭൂമിയില്ലാത്ത, ദരിദ്രരായ ആദിവാസികളാണ് ശബറുകൾ. പക്ഷെ അവർക്കു പരാതികളില്ല. മൊയിനയുടെ ചോദ്യങ്ങൾ മാത്രം വന്നു കൊണ്ടേയിരുന്നു.

"വെള്ളം കൊണ്ടുവരാൻ ഇത്ര ദൂരം പുഴക്കരവരെ ഞാനെന്തിനു നടക്കണം?

ഞങ്ങളെന്തിനാണ് ഇലക്കുടിലിൽ താമസിക്കുന്നത്?

എന്തുകൊണ്ടാണു നമുക്കു രണ്ടു നേരം ചോറില്ലാത്തത്?

ഗ്രാമത്തിലെ ജന്മിമാരുടെ ആടു മേയ്ക്കലാണ് മൊയിനയുടെ ജോലി. പക്ഷെ അവൾക്ക് ആദരവും വിധേയത്വമൊന്നും കാണിക്കലോ പതിവില്ല. അവൾ പണിയെടുക്കും, വീട്ടിലേക്കു മടങ്ങും.

"ഞാനെന്തിന് അവരുടെ ഭക്ഷണബാക്കി കഴിക്കണം?" അവൾ പറയും.

"ഞാൻ ചീരയും അരിയും ഞണ്ടിറച്ചിയും മുളകുപൊടിയും ചേർത്തു നല്ല ഒരൂണുണ്ടാക്കി വീട്ടുകാരുടെ കൂടെ കഴിക്കും."

ശബറുകൾ സാധാരണ പെൺകുട്ടികളെ പണിക്കു വിടാറില്ല. പക്ഷെ മൊയിനയുടെ അമ്മയ്ക്ക് കാലിന് പ്രശ്നമാണ്. നടക്കാൻ ബുദ്ധിമുട്ട്. അച്ഛൻ ജോലി തേടി ദൂരെ ജംഷഡ്പൂരിൽ പോയി. ആങ്ങള ഗോറോ വിറകു പെറുക്കാൻ കാട്ടിൽ പോകണം. അങ്ങനെ മൊയിന ജോലിയെടുത്തു തുടങ്ങി.



മഹാശ്വേതാ ദേവി ഇന്ത്യയിലെ മുൻനിര എഴുത്തുകാരിൽ ഒരാളാണ്. അനവധി വർഷങ്ങളായി ഗിരിവർഗ്ഗക്കാർക്കിടയിൽ പ്രവർത്തിക്കുന്നു. ആദിവാസികളുടെയും മറ്റു ചെറിയ അടിച്ചമർത്തപ്പെട്ട സാമൂഹിക വിഭാഗങ്ങളുടെയും എഴുതാചരിത്രം ശേഖരിച്ചിട്ടുണ്ട്. തന്റെ പുസ്തകങ്ങളിൽ-കുട്ടികൾക്കുള്ളവയിലടക്കം-മഹാശ്വേതാ ദേവി രാഷ്ട്രീയത്തിന്റെയും ലിംഗവിവേചനത്തിന്റെയും വർഗ്ഗവിവേചനത്തിന്റെയും പ്രശ്നങ്ങൾ നിരന്തരം ഉന്നയിക്കുന്നു.

(പുസ്തകത്തിലെ കുറിപ്പിൽനിന്ന്)

*ചിത്രങ്ങൾ : കന്യികാ കിനി, പരിഭാഷ: സക്കറിയ, കടപ്പാട് : കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്*